(സി) കെട്ടിട നിർമ്മാണത്തിനായി എത്ര രൂപ ഇവർ ട്രഷറിയിൽ അടച്ചിട്ടുണ്ട്;

(ഡി) എന്നാണ് പ്രസ്തുത തുക അടച്ചത്;

(ഇ) പാലക്കാട് ജില്ലയിൽ ഇതുപോലെ പത്തു വർഷം മുമ്പ് തുക അടച്ചതും കെട്ടിടനിർമ്മാണം തുടങ്ങാത്തതുമായ എത്ര സ്കൂളുകൾ ഉണ്ട്;

(എഫ്) തെങ്കര ജി. യു. പി. സ്കൂളിൽ ഇപ്പോൾ എത്ര ക്ലാസുമുറികളുടെ കുറവുണ്ട്;

(ജി) ഇവിടെ സ്കൂൾ കെട്ടിടനിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1975-76 സ്കൂൾ വർഷം മുതൽ.

(ബി; സി. ഡി, ഇ, എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) സാമ്പത്തിക ലഭ്യതയും മുൻഗണനാക്രമവുമനുസരിച്ച് കെട്ടിടനിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ചാവക്കാട് ഗവൺമെൻറ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

1828 [2863] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ഗവൺമെൻറ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ ശോചനീയാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ ഗവൺമെൻറ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാവക്കാട് ഗവൺമെൻറ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥിരമായ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പുതുക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ പതിനൊന്നു ലക്ഷത്തി എഴുപത്തയ്യായിരം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്ക്സ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി ഫിഷറീസ് വകുപ്പിനു നൽകിയിട്ടുണ്ട്. എന്നാൽ സ്ഥിരമായ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കാലവിളംബം ഉണ്ടാകുമെന്നു കണ്ടതിനാൽ ടി സ്കൂളിനുവേണ്ടി ഒരു അർദ്ധ സ്ഥായിയായ (സെമി-പർമെനൻറ്) കെട്ടിടം നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥായിയായ കെട്ടിടത്തിന്റെ നിർമ്മാണം തൽക്കാലം മാറ്റിവെക്കാനും ടി ജോലിക്കനുവദിച്ച ഫണ്ട് അർദ്ധ സ്ഥായിയായ കെട്ടിടത്തിന്റെ ഫണ്ടിനുവേണ്ടി വിനിയോഗിക്കുവാനും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly